**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6490** **20-03-2023 - ൽ മറുപടിയ്ക്ക്**

**അച്ചൻകോവിൽ തടയണയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിലെ ഉൾനാടൻ വനപ്രദേശമായ അച്ചൻകോവിലിലെ കുടിവെള്ള സ്രോതസ്സായ അച്ചൻകോവിൽ -മുതലത്തോട് തടയണ തകർച്ചയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രദേശത്ത് വേനൽക്കാലത്തുണ്ടാകുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിന് കൂടുതൽ താഴ്ചയിൽ കുഴി എടുത്തു കോൺക്രീറ്റ് ചെയ്തു തടയണയുടെ ഉയരം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | മുതലത്തോട് തടയണയുടെ താഴ്‌വശത്തായി പുതിയ ചെക്ക് ഡാം കം ട്രാക്ടർ ബ്രിഡ്ജിനായുള്ള പ്രൊപ്പോസൽ ജലസേചന വകുപ്പ് തയ്യാറാക്കുകയും ഇൻവസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി വിഭാഗത്തിന് നൽകിയിട്ടുണ്ട്. പ്രദേശത്തു വേനൽക്കാലത്ത് ഉണ്ടാകുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിനും, പമ്പിങ്ങിൽ തടസ്സം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടി കേരള വാട്ടർ അതോറിറ്റി എല്ലാ വർഷങ്ങളിലും എന്നപോലെ ഈ വർഷവും താൽക്കാലിക തടയണ നിർമ്മിച്ച് ജലവിതാനം നിലനിർത്താനും പമ്പിങ്ങിലെ തടസ്സം ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതോടൊപ്പം ഇവിടെ നിന്നുള്ള ജലം സംഭരിച്ചുവരുന്ന അച്ചൻകോവിൽ ഹരിജൻ കോളനിയിലെ മൂന്നുമുക്കിലുള്ള സംഭരണ ടാങ്കിന്റെ ഉയരം വർധിപ്പിച്ച് ജനങ്ങൾക്ക് പൂർണ്ണതോതിൽ ജലവിതരണം ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ; | (സി) | അച്ചൻകോവിൽ ഹരിജൻ കോളനിയിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് ആര്യങ്കാവ് പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 21.17 കോടി രൂപയുടെ പ്രവൃത്തിക്കു വേണ്ട ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ പൂർത്തീകരണത്തോടുകൂടി, പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ കഴിയുന്നതാണ്. |
| (ഡി) | ബഹുഭൂരിപക്ഷം ജനങ്ങളും കുടിവെള്ള വിതരണത്തെ ആശ്രയിക്കുന്ന പ്രസ്തുത പ്രദേശത്ത്, കുടിവെള്ള വിതരണമില്ലാത്ത ദിനങ്ങളിൽ കുടിവെള്ളത്തിനായി വന്യമൃഗങ്ങളുള്ള ഉൾവന അരുവികളിലേക്ക് പ്രദേശത്തെ ജനങ്ങൾക്ക് പോകേണ്ടിവരുന്ന അപകടകരമായ സാഹചര്യം ഒഴിവാക്കുന്നതിനായി | (ഡി) | മുതലത്തോട് തടയണയുടെ താഴ്‌വശത്തായി പുതിയ ചെക്ക് ഡാം കം ട്രാക്ടർ ബ്രിഡ്ജിനായുള്ള പ്രൊപ്പോസൽ ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി ഈ പ്രദേശത്ത് താൽക്കാലിക തടയണ നിർമ്മിച്ച് ജലവിതാനം നിലനിർത്താനും |

| | | | |
|---|---|---|---|
| | അച്ചൻകോവിലിലെ തടയണ നവീകരിച്ച് വേനൽക്കാലത്തും പൂർണ്ണതോതിൽ ജലവിതരണം ഉറപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | പമ്പിങ്ങിലെ തടസ്സം ഒഴിവാക്കാനുമുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ